# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 1940 | 16.02.2016-ൽ മറുപടിയ്ക്ക്

## കുട്ടികളെ തട്ടിക്കൊണ്ടു പോകൽ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.എൻ.എ.ഖാദർ | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് കുട്ടികളെ കച്ചവടം ചെയ്യുന്നത് വർദ്ധിക്കുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ മലപ്പുറം ജില്ലയിൽ ഒരു കുട്ടിയെ കച്ചവടം ചെയ്യാൻ ശ്രമിച്ചതുമായി ബന്ധപ്പെട്ട് ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) ഇപ്രകാരം കുട്ടികളെ തട്ടിക്കൊണ്ടു പോയി കച്ചവടം നടത്തുന്ന ഏജന്റുമാർ പ്രവർത്തിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) എങ്കിൽ ഇതിനെതിരായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ? | (സി) സംസ്ഥാന പോലീസ് മേധാവിയുടെ ഉത്തരവ് നം.13/2011 പ്രകാരം സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സ്പെഷ്യൽ ജുവനൈൽ പോലീസ് യൂണിറ്റും, ആന്റി ഹ്യൂമൻ ട്രാഫിക്കിംഗ് യൂണിറ്റും എല്ലാ സ്റ്റേഷൻ ഹൗസ് ഓഫീസർമാരുടേയും, കൂടാതെ ചൈൽഡ് ലൈൻ പോലെയുള്ള മറ്റു സംഘടനകളുമായി സഹകരിച്ച് റെയിൽവേ സ്റ്റേഷനുകൾ, ബസ് സ്റ്റാൻഡുകൾ, തൊഴിൽ സ്ഥാപനങ്ങൾ, വിനോദ സഞ്ചാര കേന്ദ്രങ്ങൾ തുടങ്ങിയവയിൽ കുട്ടികൾക്കെതിരെയുണ്ടാകുന്ന ഇത്തരം കുറ്റകൃത്യങ്ങളെ സംബന്ധിച്ച് നിരന്തരം പരിശോധന നടത്തിയും നിരീക്ഷിച്ചും വരുന്നുണ്ട്. കൂടാതെ ഇത്തരം കുറ്റകൃത്യങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ കുറ്റവാളികൾക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ